## പ്രധാനവാർത്തകൾ

1) **ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തിൻറെ ഭാഗമായി രണ്ട് ദിവസത്തെ പ്രത്യേക ചർച്ചയ്ക്ക് രാജ്യസഭയിൽ തുടക്കമായി.**

2). **ഇന്ന് വിജയ് ദിവസ്. ധീരസൈനികരുടെ ജീവത്യാഗം വരും തലമുറകളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

3). **ഇന്ത്യയുടെ ഇതിഹാസ തബല വിദ്വാൻ ഉസ്താദ് അല്ലാ രഖാ സാക്കിർ ഹുസൈൻ അന്തരിച്ചു; വിട പറഞ്ഞത് ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന് ആഗോളമുഖം നൽകിയ പ്രതിഭാശാലിയെന്ന് പ്രധാനമന്ത്രി**

4) **സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ വാഹന ചാർജിങ് കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി.**

5). **ശബരിമലയിൽ ഈ സീസണിൽ ഇതുവരെ ദർശനം നടത്തിയത് 23.85 ലക്ഷം പേർ. പരമ്പരാഗത കാനനപാത വഴി എത്തുന്ന തീർത്ഥാടകർക്ക് ദർശനത്തിന് പ്രത്യേക സൗകര്യം ഒരുക്കും.**

6). **ഓസ്ട്രേലിയയ്ക്കെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിങ് തകർച്ച.**

RNU TVPM

****************************************

**<u>പാർലമെൻറ്</u>**

ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തിൻറെ ഭാഗമായി രണ്ട് ദിവസത്തെ പ്രത്യേക ചർച്ചയ്ക്ക് രാജ്യസഭയിൽ തുടക്കമായി. ഭരണഘടന നിർമാണ സഭയിലെ അംഗങ്ങൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ട് കേന്ദ്രമന്ത്രി നിർമല സീതാരാമനാണ് ചർച്ച തുടങ്ങിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടി നൽകും. 1949 നവംബർ 26-നാണ് , ഇന്ത്യൻ ഭരണഘടനാ അസംബ്ലി ഔപചാരികമായി ഭരണഘടന അംഗീകരിച്ചത്.

****************************************

**<u>വിജയ് ദിവസ്</u>**

ഇന്ന് വിജയ് ദിവസ്. 1971-ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ നേടിയ വിജയത്തിന്റെ സ്മരണയ്ക്കായാണ് വിജയ് ദിവസ് ആഘോഷിക്കുന്നത്. യുദ്ധത്തിൽ വീരമൃത്യു വരിച്ച രക്തസാക്ഷികൾക്ക് രാജ്യം ഇന്ന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ധീര സൈനികരുടെ ജീവത്യാഗം വരും തലമുറകളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. സായുധ സേനയുടെ അചഞ്ചലമായ ധൈര്യവും ദേശസ്നേഹവും രാജ്യം സുരക്ഷിതമായി നിലകൊള്ളുന്നുവെന്ന് ഉറപ്പാക്കുന്നുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

****************************************

**<u>ഉസ്താദ് സാക്കിർ ഹുസൈൻ - (ഇൻട്രോ)</u>**

ഇന്ത്യയുടെ ഇതിഹാസ തബല വിദ്വാൻ ഉസ്താദ് അല്ലാ രഖാ സാക്കിർ ഹുസൈൻ വിടവാങ്ങി. 73 വയസ്സായിരുന്നു. ഹൃദയ സംബന്ധമായ അസുഖങ്ങളെ തുടർന്ന് സാൻ ഫ്രാൻസിസ്കോയിലെ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് അന്ത്യം.ഇന്ത്യൻ ശാസ്ത്രീയ

RNU TVPM

സംഗീതത്തിന് ആഗോളമുഖം നൽകിയ പ്രതിഭാശാലിയെയാണ് നഷ്ടമായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

**വിശദാംശങ്ങളിലേക്ക്......**

**(വോയിസ്...........)**

**************************************

**<u>സക്കീർ - മുഖ്യമന്ത്രി അനുശോചനം</u>**

സംസ്കാരങ്ങളും ഭാഷകളും രാജ്യാതിർത്തികളും കടന്ന് ലോകമാകെയുള്ള സംഗീത പ്രേമികളുടെ ഹൃദയങ്ങളെ കീഴടക്കിയ തബല വിദ്വാനാണ് <u>ഉസ്താദ് സാക്കിർ ഹുസൈനെന്ന്</u> മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ കുറിച്ചു.

ആഴത്തിലുള്ള ജ്ഞാനവും അപാരമായ സിദ്ധിയും സാക്കിർ ഹുസൈനെ അനുപമനായ സംഗീതജ്ഞനാക്കി മാറ്റിയെന്നും അദ്ദേഹം പറഞ്ഞു.

**************************************

**<u>കെ കൃഷ്ണൻകുട്ടി</u>**

സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ വാഹന ചാർജിങ് കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. അടിവാരം <u>110 KV</u> സബ്സ്റ്റേഷൻ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

**(വോയ്സ്..................)**

**************************************

**<u>സബ് സ്റ്റേഷൻ തറക്കല്ലിടൽ</u>**

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻ കുന്നിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമിക്കുന്നതിന് ഇന്ന് തറക്കല്ലിടും. 143 സെൻറ് ഭൂമിയിലാണ് 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത്.

**************************************

RNU TVPM

**<u>വി ശിവൻകുട്ടി - യോഗം</u>**

ചോദ്യക്കടലാസ് ചോർച്ചയുമായി ബന്ധപ്പെട്ട് മന്ത്രി
വി ശിവൻകുട്ടി വിളിച്ച ഉന്നതതലയോഗം ഇന്ന് നടക്കും.
ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പർ യുട്യൂബ് വഴി ചോർന്നതും
പരീക്ഷാനടത്തിപ്പും അടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യും.

**************************************

**<u>വയനാട് കുറ്റക്കാർ - ഒ.ആർ കേളു</u>**

പട്ടികവർഗക്കാരനായ യുവാവിനെ റോഡിലൂടെ കാറിൽ വലിച്ചിഴച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ മന്ത്രി ഒ ആർ കേളു പൊലിസിന് നിർദേശം നൽകി. പയ്യംമ്പള്ളി കൂടൽക്കടവ് ചെമ്മാട് പട്ടികവർഗ്ഗ ഉന്നതിയിലെ മാത്തൻ എന്നയാളെയാണ് റോഡിലൂടെ കാറിൽ വലിച്ചിഴച്ചു കൊണ്ടുപോയത്. സംഭവത്തിൽ മാനന്തവാടി പോലീസ് വധശ്രമത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾക്കായി അന്വേഷണം ആരംഭിച്ചു. യുവാവിനെ മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

RNI TVPM

**************************************

**<u>കണ്ണൂർ - അദാലത്ത്</u>**

ജനങ്ങളുമായി ഹൃദയബന്ധം സ്ഥാപിക്കുന്ന ജനകീയ പരിപാടിയാണ് താലൂക്ക് അദാലത്തെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.കണ്ണൂർ ഇരിട്ടി താലൂക്ക്തല അദാലത്ത് ഇരിട്ടി തന്തോട് സെൻറ് ജോസഫ് ചർച്ച് പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**************************************

**കെ.എസ്.ആർ.ടി.സി ശമ്പളവിതരണം**

കെഎസ്ആർടിസി ജീവനക്കാർക്ക് ശമ്പളം ഇന്ന് രാവിലെ മുതൽ ഒറ്റത്തവണയായി വിതരണം ചെയ്തു തുടങ്ങി. ശമ്പളത്തിനായി സർക്കാർ നൽകുന്ന തുകയുടെ ആദ്യ ഗഡുവായ 30 കോടി രൂപ കെഎസ്ആർടിസിക്ക് ലഭിച്ചിട്ടുണ്ട്. അഞ്ച് ദിവസത്തെ കെഎസ്ആർടിസിയുടെ ഇന്ധനത്തിനായി നൽകേണ്ട തുക കൂടി ശമ്പളത്തിനായി മാറ്റിയാണ് ഒറ്റത്തവണയായിത്തന്നെ ശമ്പളം വിതരണം ചെയ്യുന്നത്.

**************************************

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**************************************

**ശിവഗിരി തീർത്ഥാടനം**

92-ാമത് ശിവഗിരി തീർത്ഥാടനകാലത്തിന് തുടക്കമായി. തീർത്ഥാടകരെ വരവേറ്റുകൊണ്ടുള്ള സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഇന്നലെ ഉദ്ഘാടനം ചെയ്തു. മഹാകവി കുമാരനാശാൻ ദേഹവിയോഗ ശതാബ്ദി സമ്മേളനമാണ് ഇന്ന് നടക്കുന്നത്. 30-ന് തീർത്ഥാടന സമ്മേളനം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഉദ്ഘാടനം ചെയ്യും.

RNUTVPM

**************************************

**പത്തനംതിട്ട ശബരിമല - (ഇൻട്രോ)**

ധനുമാസപ്പുലരിയിൽ അയ്യപ്പനെ ദർശിച്ച് പതിനായിരങ്ങൾ. മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി നട തുറന്ന ദിനം മുതൽ ഇന്ന് രാവിലെ 11 വരെ ദർശനം നടത്തിയത് 23 ലക്ഷത്തി 85, 842 തീർഥാടകർ.

**വിശദാംശങ്ങളുമായി ആകാശവാണി**
**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**
**(വോയിസ്....)**

****************************************

**<u>ശബരിമല - ദേവസ്വം പ്രസിഡൻറ്</u>**

പരമ്പരാഗത കാനന പാതകളിലൂടെ ശബരിമല ദർശനത്തിനെത്തുന്നവർക്ക് പ്രത്യേക സൗകര്യമൊരുക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് അറിയിച്ചു. കാനന പാതകളിലൂടെ നടന്ന് വരുന്ന തീർത്ഥാടകർക്ക് വനം വകുപ്പ് പ്രത്യേക ടാഗ് നൽകും. ടാഗുമായി നടപ്പന്തലിൽ എത്തുന്നവർക്ക് ദർശനത്തിനായി പ്രത്യേക വരി ഉണ്ടാകും. ഈ സംവിധാനം ഉടൻ നിലവിൽ വരുമെന്നും പി എസ് പ്രശാന്ത് അറിയിച്ചു.

****************************************

**<u>ശബരിമല - പി.കെ ശേഖർ ബാബു</u>**

മണ്ഡല മകരവിളക്ക് മഹോത്സവത്തിനോടനുബന്ധിച്ച് ശബരിമല സന്നിധാനത്തിൽ ഒരുക്കിയ ക്രമീകരണങ്ങൾ ഭക്തർക്ക് സുഖദർശനത്തിന് പര്യാപ്തമാണെന്നും സർക്കാരും ദേവസ്വം ബോർഡും ഒരുക്കിയ സൗകര്യങ്ങൾ അഭിനന്ദനാർഹമാണെന്നും തമിഴ്നാട് മന്ത്രി പി കെ ശേഖർ ബാബു പറഞ്ഞു.

സന്നിധാനത്ത് ദർശനം നടത്തിയതിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

****************************************

**<u>രാജ്യാന്തര ചലച്ചിത്രമേള - (ഇൻട്രോ)</u>**

കേരള രാജ്യാന്തര ചലച്ചിത്രമേള നാലാം ദിനത്തിലേക്ക് കടന്നു.

ഇന്ന് 14 തിയേറ്ററുകളിലായി വിവിധ വിഭാഗങ്ങളിൽ 67 സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്......)**

****************************************

RNU TVPM

## ഡി ഗുകേഷ്

ലോക ചെസ്സ് ചാമ്പ്യൻ ഡി.ഗുകേഷ് ഇന്ത്യയിൽ തിരിച്ചെത്തി. ചെന്നൈ വിമാനത്താവളത്തിൽ എത്തിയ ഗുകേഷിന് തമിഴ്നാട് കായിക വകുപ്പിൻറെ നേതൃത്വത്തിൽ വൻ സ്വീകരണമാണ് ഒരുക്കിയത്.

****************************************

## ക്രിക്കറ്റ്

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിങ് തകർച്ച. ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസെടുത്തു. ഒന്നാം ഇന്നിംഗ്സ് ബാറ്റിങ് ആരംഭിച്ച ഇന്ത്യയ്ക്ക് തുടക്കത്തിൽ തന്നെ വിക്കറ്റുകൾ നഷ്ടമായി. വിരാട് കോഹ്ലി, ഋഷഭ് പന്ത്, ശുഭ് മാൻ ഗിൽ, യശ്വസി ജയ്സ്വാൾ എന്നിവർ ഔട്ടായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 49 റൺസ് എന്ന നിലയിലാണ്.

****************************************

## സന്തോഷ് ട്രോഫി

78-മത് സന്തോഷ് ട്രോഫി ഫുട്ബോളിൻറെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ നാളെ കേരളം മേഘാലയയെ നേരിടും. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

****************************************

## ജോഷിത - അണ്ടർ -19

വനിതാ പ്രീമിയർ ലീഗ് മിനി താരലേലത്തിൽ കേരളത്തിന് അഭിമാനമായി വി.ജെ ജോഷിത. 10 ലക്ഷം രൂപയ്ക്ക് റോയൽ ചലഞ്ചേഴ്സ് ബംഗളുരുവാണ് വയനാടുകാരിയായ ജോഷിതയെ സ്വന്തമാക്കിയത്. ക്വാലലംപൂരിൽ നടക്കുന്ന വനിതാ അണ്ടർ-19 ഏഷ്യാ കപ്പിനുള്ള ടീമിലും ജോഷിത ഉണ്ട്.

****************************************

RNU TVPM

## ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബാളിൽ നാളെ ഈസ്റ്റ് ബംഗാൾ എസ് സി , പഞ്ചാബ് എഫ് സി യെ നേരിടും. വൈകിട്ട് 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

****************************************

## പുതുച്ചേരി ഗവർണർ

പുതുച്ചേരി ലെഫ്റ്റനൻറ് ഗവർണർ കെ. കൈലാഷ് നാഥൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി നാളെ മാഹിയിലെത്തും. മാഹി ഗവൺമെൻറ് ജനറൽ ആശുപത്രിയിൽ പുതുതായി സജ്ജീകരിച്ച 10 കിടക്കകളോട് കൂടിയ ഐ.സി.യു അദ്ദേഹം ഉദ്ഘാടനം ചെയ്യും.

RNU TVPM

****************************************

****************************************

******************